# ബഖറയോ അൽ-ബഖറയോ

ഈ ചോദ്യം വളരെ ലളിയമായ ചോദ്യമാണെന്നുള്ളത് വളരെ വ്യക്തമാണ് . "ബഖറഃ"എന്നു പറഞ്ഞാൽ പശു എന്നാണെന്നറിയാമല്ലോ? അൽ-ബഖറ എന്നു പറഞ്ഞാൽ ഈ വിശുദ്ധമായ അധ്യായത്തിൽ ചർച്ച ചെയ്യുന്ന ഒരു പ്രത്യേക പശുവാണ് .

ഖുർആനിലെ അധ്യായങ്ങളുടെ (സൂറത്തുകളുടെ)പേരുകൾ/തലക്കെട്ടുകൾ ഖുർആനിന്റെ കൂടെ അവതരിച്ചതല്ല എന്നു പഠനങ്ങൾ തെളിയിക്കുന്നു. ഈ പേരുകളെല്ലാം പിൽക്കാലഘട്ടത്തിൽ നൽകിയതാണ് .അതായത് ഒന്നു മറ്റൊന്നിൽ നിന്നും വേർതിരിച്ച് അറിയുന്നതിനുവേണ്ടി.ബഖറ (بقرة) എന്ന പദം ب ق ر എന്ന മൂല അക്ഷരങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞുണ്ടായതാണ് . "ഭാഗിക്കുക", "വിഭജിക്കുക" ,"തുറക്കുക" , "അന്ധനാവുക" എന്നൊക്കെയാണ് ഇതിന്റെ അടിസ്ഥാന അർത്ഥങ്ങൾ. പശു എന്ന നാമം ഈ അടിസ്ഥാന അർത്ഥത്തിൽ നിന്നും ഉരുത്തിരിഞ്ഞുണ്ടായതാണ്.സാധാരണ വിശുദ്ധമായ വസ്തുക്കൾക്കൊക്കെ "പശു"എന്നു പറയും. ഈ അധ്യായത്തിലെ 67-71 വരെയുള്ള വചനങ്ങളിൽ ദൈവീക കൽപനകൾക്കു പുറത്തുള്ള എന്തൊന്നുണ്ടോ അതിനെയാണ് പശു എന്നു അർത്ഥമാക്കുന്നത്. പ്രവാചകനായ മൂസാ ഈ പശുവിനെ ഒഴിവാക്കാൻ പറഞ്ഞപ്പോൾ നീ ഞങ്ങളെ പരിഹസിക്കുകയാണോ?എന്ന് ജനങ്ങൾ ചോദിച്ചു .മൂസയുടെ ഉത്തരം വളരെ വിസ്മയകരവും അത്ഭുതകരവുമായതായിരുന്നു. അദ്ദേഹം ആണെന്നോ അല്ലെന്നോ പറഞ്ഞില്ല. മറിച്ച് "ഞാൻ പരിഹസിക്കുകയാണെങ്കിൽ ഞാനൊരു വിവരമില്ലാത്ത വ്യക്തിയാണ്" എന്നാണ് അദ്ദേഹം ഉത്തരം പറഞ്ഞത്.

قَالُواْ ٱدۡعُ لَنَا رَبَّكَ يُبَيِّن لَّنَا مَا هِيَۚ قَالَ إِنَّهُۥ يَقُولُ إِنَّهَا بَقَرَةٞ لَّا فَارِضٞ
وَلَا بِكۡرٌ عَوَانُۢ بَيۡنَ ذَٰلِكَۖ فَٱفۡعَلُواْ مَا تُؤۡمَرُونَ ﴿٦٨﴾

ഈ ഉത്തരം വളരെ ആഴത്തിലുള്ള ഒരു ആവശ്യമാണ് മുന്നോട്ടുവെക്കുന്നത്.അതായത് പശുവിനെ ഒഴിവാക്കുക എന്നത് വിവരവും, പരിഹസിക്കുക എന്നത് അറിവില്ലായ്മയുമാണ്.അവർ വീണ്ടും അതിന്റെ വിശദീകരണം ആവശ്യപ്പെടുന്നു .ഒരു മൃഗമെന്ന അർത്ഥത്തിലുള്ള പശുവാണ് അതെങ്കിൽ വിശദീകരണം ആവശ്യപ്പെടേണ്ടതില്ലല്ലോ? .

ഇത് തികച്ചും നാം ഇന്നു ഖുർആനിനു പുറമെയുള്ളത് ഒഴിവാക്കാൻ പറയുമ്പോഴു

ണ്ടാകുന്ന അനുഭവം പോലെയാണ് .നമ്മുടെ സമൂഹം ചോദിക്കുക ഇത് ഖുർആനി നോടു യോജിക്കുന്നതല്ലേ? ഇതിലെന്താണ് മോശമായിട്ടുള്ളത്.? മൂസയുടെ ജനത കൂടുതൽ വിവരണം ചോദിച്ചപ്പോൾ മൂസാ അവരോടു പറഞ്ഞു "അതു ഒന്നിനേയും നിർബന്ധമാക്കുന്നില്ല(ഫർള فرض) ഒരു പുലരിയോ, ഒരു പ്രഭാതമോ(ബിക്ർ) അല്ല . ദൈവത്താൽ നിർബന്ധിക്കുന്ന കാര്യങ്ങൾ മാത്രമാണ് ഫർള്. 28/85 ൽ നബിക്കു നിർബന്ധമാക്കിയത് ഖുർആനാണെന്നാണ് വിവരിക്കുന്നത്. വഹ് യിനു അപ്പുറത്തുള്ളതൊന്നും ഫർള് അല്ല . അതു തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുള്ളവയും , ആരെയെങ്കിലും പകർത്തിയതു(സുന്നത്ത്)മാണ് .അതുകൊണ്ട് ഈ പശു വഹ് യിനു അപ്പുറത്തുള്ള അധ്യാപനങ്ങളാണ് .അവ നമ്മെ ഒന്നും ചെയ്യാൻ നിർബന്ധി ക്കുന്നില്ല എന്നതു പോലെ തന്നെ നമ്മുടെ ജീവിതത്തിലേക്കു ഒരു വെളിച്ചംകൊണ്ടു വരാൻ പറ്റിയ ഒരു പുതിയ പുലരിയും അല്ല. മൂസായുടെ ജനത അവരുടെ പാരമ്പ ര്യമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും ഒഴിവാക്കാൻ തയ്യാറല്ലായിരുന്നു .അ തുകൊണ്ടു തന്നെ അവർ കൂടുതൽ വിശദീകരണങ്ങൾ ചോദിച്ചു.അപ്പോൾ മൂസാ പ റഞ്ഞു, "ജനങ്ങൾക്കു ആകർഷകവും,തിളക്കമുള്ളതുമായ മഞ്ഞയാണ് " മഞ്ഞ ക്കളർ യഥാർത്ഥ കളറിനെ മൂടിവെക്കുന്നതാണ് എന്നു നമുക്കു അറിയാമല്ലോ? വ്യാജമായ വാർത്തകൾ കൊടുക്കുന്ന പത്രപ്രവർത്തനങ്ങളെ മഞ്ഞ പത്രപ്രവർത്ത നം എന്നു.വ്യാജമായ ചില ബുക്കുകളെ മഞ്ഞബുക്കുകൾ എന്നും പറയാറുണ്ടല്ലോ ? അല്ലാതെ മഞ്ഞ നിറമുള്ളതും പച്ച നിറമുള്ളതുമായ പശുവിനെ ആരും കണ്ടിട്ടില്ല ല്ലോ? .ഈ ഉത്തരത്തിൽ കാര്യങ്ങൾ വളരെ വ്യക്തമാണ്. മനുഷ്യനിർമ്മിതമായ മതം തെറ്റായതും എന്നാൽ ജനങ്ങൾക്കിടയിൽ പ്രസിദ്ധവുമാണെന്നതാണ് .ജന ങ്ങൾ നിങ്ങൾ എന്തു പറഞ്ഞാലും സ്വീകരിക്കുകയില്ല. ഇതേ അവസ്ഥ തന്നെയാ ണ് മൂസയുടെ ജനതയിൽ നിന്നും മൂസാക്കുണ്ടായത്. അവർ വീണ്ടും വീണ്ടും ചോദി ച്ചു കൊണ്ടേയിരുന്നു. എന്നിട്ടെങ്കിലും ദൈവീക കൽപനകൾ ഒന്നു ഒഴിവാക്കിക്കി ട്ടിയെങ്കിൽ എന്നതാണ് അവരുടെ ആഗ്രഹം.അങ്ങിനെ അവർ ഒരു അർദ്ധമന സ്സോടുകൂടി സ്വീകരിക്കുകയും ആ പശുവിന്റെ കൂടുതൽ വിവരണങ്ങൾ ചോദിക്കുക യും ,എന്നാൽ ദൈവം കൽപിക്കുന്നത് സ്വീകരിക്കാം എന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു.മൂസാ മറുപടി പറഞ്ഞു" ഇത്തരം ആശയങ്ങൾ ജനങ്ങൾക്കു എളിമയുള്ളതോ ,ഒരുത്തനും സന്തോഷം നൽകുന്നതോ അല്ല. അവ പിന്തുടരുന്നവരുടെ കണ്ണിൽ അത് സത്യമായതാണെങ്കിലും അത് ഒന്നുമല്ല. അവസാനം അവർ പ്രവർത്തിക്കാ ൻ തയ്യാറല്ലാത്തവരായിട്ടുപോലും ആ നിർദ്ദേശം സ്വീകരിച്ചു.

إِنَّ ٱلَّذِى فَرَضَ عَلَيْكَ ٱلْقُرْءَانَ لَرَآدُّكَ إِلَىٰ مَعَادٍۚ قُل رَّبِّىٓ أَعْلَمُ مَن
جَآءَ بِٱلْهُدَىٰ وَمَنْ هُوَ فِى ضَلَٰلٍ مُّبِينٍ ﴿٨٥﴾